

● സംഭാഷണം-2

# ഖുർആൻ പഠിക്കാൻ ഗിരിജ എതിർപ്പുമായി പ്രമാണിമാർ

**അബ്ദുൽഹകീം കൊല്ലം/**
**സ്വദ്‌റുദ്ദീൻ വാഴക്കാട്**

***മുത്താനയിലെ പ്രവർത്തനങ്ങൾ?***

മുത്താനയിൽ സ്റ്റഡി സർക്കിൾ രൂപീകരിച്ചിരുന്നു. അഞ്ചാറ് യുവാക്കൾ. ഞാൻ തന്നെയാണവരെ സംഘടിപ്പിച്ചതും ക്ലാസ്സുകൾ എടുത്തിരുന്നതും. ആഴ്ചതോറും ക്ലാസ്സുകൾ നടക്കും, യോഗത്തിൽ കലാപരിപാടികളൊക്കെയുണ്ടാകും. യോഗം ആകർഷകമായി മുന്നോട്ടുപോയി. ഞാൻ കുറേ ക്ലാസ്സുകൾ അവിടെ എടുത്തിരുന്നു. എനിക്ക് വലിയ അറിവൊന്നും ഉണ്ടായിരുന്നില്ല. ഗ്രന്ഥങ്ങൾ വായിച്ച് മനസ്സിലാക്കി അതിലുള്ളതാണ് പറയുക. ഇടക്ക് കെ.ടിയും വരാറുണ്ടായിരുന്നു. എനിക്ക് അറബി അറിയുമായിരുന്നില്ല. കെ.ടി ക്ലാസ്സെടുക്കുന്നതിനിടക്ക് ചില ആയത്തുകളും ഹദീസുകളും ഉദ്ധരിക്കും. ക്ലാസ് കഴിഞ്ഞാൽ ഞാൻ അവ എഴുതിത്തരാൻ പറയും. പകർത്തിയെഴുതാൻ എനിക്കറിയുമായിരുന്നില്ല. ചിത്രം വരക്കുന്നപോലെ വരച്ചു വരച്ച് ഞാനവയെല്ലാം മനഃപാഠമാക്കും. കാണാതെപഠിച്ച് ക്ലാസ്സുകളിൽ പറയും. അങ്ങനെയാണ് അന്ന് ഞാൻ ക്ലാസ്സുകൾ എടുത്തിരുന്നത്.

ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങൾ ഈ ഭാഗത്ത് ഏറെക്കുറെ വ്യവസ്ഥാപിതമായി നടക്കാൻ തുടങ്ങിയപ്പോൾ തോന്നക്കൽ എന്ന സ്ഥലത്ത് ഒരു ഫർഖാ സമ്മേളനം സംഘടിപ്പിച്ചു. അന്ന് ഏരിയ ഉണ്ടായിരുന്നില്ല, ഫർഖയായിരുന്നു. കൊല്ലം-തിരുവനന്തപുരം ജില്ലകൾ ചേർന്ന് ഒറ്റ ഫർഖയാണ്. ആ സമ്മേളനത്തിൽ അതു വരെയുള്ള പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് അവതരിപ്പിക്കണമെന്ന് എന്നോട് പറഞ്ഞു. ജമാഅത്തിന്റെ റിപ്പോർട്ടിന്റെ ശൈലി എങ്ങനെയെന്ന് എനിക്ക് അറിയുമായിരുന്നില്ല. ഞാനത് അന്വേഷിച്ച് മനസ്സിലാക്കി. 'ആഭ്യന്തരം, പ്രബോധനം' എന്നൊക്കെ വേർതിരിച്ചാണെന്ന് എന്നോട് പറഞ്ഞു. ഞാൻ റിപ്പോർട്ട് തയാറാക്കി. പ്രബോധനവും മുസ്‌ലിംകൾക്കിടയിലുള്ള ബോധവൽക്കരണവും സ്ക്വോഡുകളുമൊക്കെ കുറേ നടന്നിരുന്നു. അവയൊക്കെ എഴുതി തയാറാക്കിയാണ് ഞാൻ സമ്മേളനത്തിന് പോയത്. റിപ്പോർട്ട് അവതരിപ്പിച്ചപ്പോൾ അത് ഗംഭീരമായി അവർക്ക് തോന്നി. ഇരുപത്തിയഞ്ചോളം പ്രവർത്തകരാണ് അതിൽ പങ്കെടുത്തിരുന്നത്. മുത്താനയെന്ന പ്രദേശം തന്നെ പലരും കേട്ടിട്ടില്ലായിരുന്നു. പക്ഷേ, മുത്താനയിലെ റിപ്പോർട്ടിനെക്കുറിച്ച് അവരെല്ലാം നല്ല അഭിപ്രായങ്ങൾ പറഞ്ഞു. അപ്പോൾ ഞങ്ങൾക്ക് വലിയ ആവേശമായി, ഈ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തണമെന്ന ആഗ്രഹമുണ്ടായി. വീണ്ടും കുളത്തൂപ്പുഴയിലേക്ക് പോകാൻ തീരുമാനിച്ചു. ധാരാളം സാധ്യതകളുള്ള പ്രദേശമായിരുന്നു അത്. മുത്താനയിലെ പ്രവർത്തനങ്ങൾ തൽക്കാലം സഹപ്രവർത്തകരെ ഏൽപിച്ച് ഞാൻ കുളത്തൂപ്പുഴയിലേക്ക് പോയി.

കുളത്തൂപ്പുഴ മറ്റുപ്രദേശങ്ങളിൽനിന്ന് അൽപം വ്യത്യസ്തമാണ്. അവിടെ ഒരു വ്യക്തി ഒറ്റക്ക് മുസ്‌ലിം സമൂഹത്തിന്റെ ഉയർച്ചക്കുവേണ്ടി ശ്രമിച്ചിരുന്നു. മതപരമായ പ്രവർത്തനങ്ങൾ അവിടെ സംഘടിപ്പിച്ചിരുന്ന മീരാസാഹിബ് ലബ്ബയായിരുന്നു അത്. ഏതാണ്ട് പതിനാറ് വർഷം ആ മഹല്ലിന്റെ പ്രതിഫലം പറ്റാത്ത ഖത്വീബായിരുന്നു അദ്ദേഹം. നല്ല വായനാശീലമുള്ള വ്യക്തി. നല്ല പ്രായമുണ്ട്; അവശനാണ്. എങ്കിലും ഇപ്പോഴും വായിക്കും.

മീരാസാഹിബ് ലബ്ബയും ശംസ് കാക്കയു(നാട്ടുകാർ വിളിക്കുന്നതങ്ങനെയാണ്)മാണ് മഹല്ലിന് നേതൃത്വം നൽകിയിരുന്നത്. ശിർക്ക് ബിദ്അത്തുകളെ നിരുത്സാഹപ്പെടുത്തുകയും മാതൃകാപരമായ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്ത മഹല്ലാണിത്. വളരെ വർഷങ്ങൾക്കുമുമ്പുതന്നെ മഹല്ല് നിവാസികളുടെ സമഗ്രമായ ഒരു സർവേ നടത്തുകയുണ്ടായി. ഇപ്പോഴും സർവേ ഫലങ്ങൾ സൂക്ഷിക്കുന്നുണ്ട്. സംഘടിത സകാത്ത് ഫലപ്രദമായ രീതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ടവിടെ. ഇതും വളരെ മുമ്പേ തുടങ്ങിയതാണ്. മഹല്ല് നിവാസികൾക്ക് ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡുമുണ്ട്. വനിതകൾക്ക് ദീനീബോധമുണ്ടാക്കാനുള്ള പരിപാടികളും ഇടക്കിടെ സംഘടിപ്പിച്ചുവരുന്നു. ഇപ്പോൾ ഒരു സ്കൂളും മഹല്ലിന് കീഴിൽ നടക്കുന്നു.

***കുളത്തൂപ്പുഴയിലെ ബീഡിത്തൊഴിലാളികൾ?***

കുളത്തൂപ്പുഴയിലെ ബീഡിത്തൊഴിലാളികളുമായി എനിക്ക് നല്ല ബന്ധമാണുണ്ടായിരുന്നത്. പത്തിരുപത് ബീഡിത്തൊഴിലാളികളെ ഒരുമിച്ചുകൂട്ടി യോഗങ്ങൾ തുടങ്ങി. ഒരു പീടികയുടെ പിറകുവശത്ത് വാടകക്കെടുത്ത ചെറിയൊരു റൂമിലായിരുന്നു യോഗം ചേർന്നിരുന്നത്. അവരോട് ഇസ്‌ലാമിനെയും ജമാഅത്തിനെയും കുറിച്ച് ആവേശപൂർവം പറഞ്ഞു. ക്ലാസ്സെടുക്കാനൊന്നും എനിക്കറിയുമായിരുന്നില്ലെങ്കിലും ഒക്കുന്ന ഭാഷയിലെല്ലാം അവരോട് പറഞ്ഞപ്പോൾ അവർക്കും താൽപര്യമുണ്ടായി. കുറച്ച് പുസ്തകങ്ങൾ സംഘടിപ്പിച്ച് ഒരു മൊബൈൽ ലൈബ്രറി തുടങ്ങാനും തീരുമാനിച്ചു. ഐ.പി.എച്ചിന്റെ പുസ്തകങ്ങൾക്ക് ഓർഡർ കൊടുത്തു. അറുപതോളം കോപ്പി *പ്രബോധന*വും അന്ന് എനിക്ക് വന്നിരുന്നു. പഴയ രൂപത്തിലുള്ള ചെറിയ *പ്രബോധന*മായിരുന്നു.

അതെല്ലാം കൊണ്ടുനടന്ന് ചൂടപ്പം പോലെ ചെലവാക്കുകയും ചെയ്തു. 1966–'67 കാലത്താണിതെന്നാണെന്റെ ഓർമ.

അവിടെ നല്ല പ്രവർത്തനങ്ങൾ നടന്നു. പരിപാടികളൊക്കെ സജീവമായി. മഹല്ലിലുള്ളവർ നമുക്കെതിരായിരുന്നില്ല. പുസ്തകങ്ങളൊക്കെ വളരെ ആകർഷകമായി ആളുകൾക്ക് തോന്നി. പുസ്തകങ്ങൾ എല്ലാവരും വായിച്ചു. ഈ സമയത്താണ് മഹല്ല് ഒരു ഖബറ്സ്ഥാൻ ഉണ്ടാക്കാൻ കുറച്ച് സ്ഥലം വാങ്ങാൻ തീരുമാനിച്ചത്. അതിന് പണം വേണമായിരുന്നു. ആ ആവശ്യത്തിന് ഒരു വഅ്ള് പരമ്പര സംഘടിപ്പിക്കാൻ തീരുമാനമായി. മാഹിയിലെ ബി. കുട്ടിഹസൻ ഹാജിയെ പ്രസംഗിക്കാൻ കൊണ്ടുവാരാൻ തീരുമാനിച്ചു. നൂരിഷാ ത്വരീഖത്തിന്റെ നേതാവായ അദ്ദേഹം വലിയ ജമാഅത്ത് വിരോധിയായിരുന്നു. അതൊന്നും അവിടെ ആർക്കും അറിയുമായിരുന്നില്ല. അദ്ദേഹം നല്ല പ്രസംഗകനുമായിരുന്നു.

ഇസ്‌ലാമിക് സ്റ്റഡി സർക്കിളിന്റെ ആഭിമുഖ്യത്തിലായിരുന്നു പരിപാടി. മീരാസാഹിബ് ലബ്ബയായിരുന്നു മഹല്ല് പ്രസിഡന്റ്. അദ്ദേഹം ജമാഅത്തിനോട് വലിയ സ്നേഹമുള്ള ആളായിരുന്നു. നമ്മുടെ പരിപാടികളിലൊക്കെ അദ്ദേഹം പങ്കെടുക്കുമായിരുന്നു. ആത്മാർഥതയുള്ള വ്യക്തിയാണ്. കുട്ടി ഹസൻ ഹാജി വന്നപ്പോൾ ലബ്ബ സാഹിബ് സ്റ്റഡി സർക്കിളിനെക്കുറിച്ച് പറഞ്ഞു. ഇവിടെ ഇസ്‌ലാമികമായി ചിന്തിക്കുന്ന കുറേ യുവാക്കളുണ്ട്. അവരാണിതിന്റെ ആളുകൾ എന്നദ്ദേഹം പരിചയപ്പെടുത്തി. 'ഇസ്‌ലാമിക് സ്റ്റഡി സർക്കിളല്ലേ, എനിക്കറിയാം. അത് ജമാഅത്തെ ഇസ്‌ലാമിക്കാരുടേതായിരിക്കും, അവർക്കാണിതൊക്കെയുള്ളത്' എന്നായിരുന്നു കുട്ടി ഹസൻഹാജിയുടെ പ്രതികരണം. നമ്മുടെ പുസ്തകങ്ങളൊക്കെ അദ്ദേഹം വാങ്ങി മറിച്ചുനോക്കി. പ്രസംഗം തുടങ്ങിയ ആദ്യദിവസം തന്നെ അദ്ദേഹം ജമാഅത്തിനെതിരെ വെടിപൊട്ടിച്ചു. 'മലബാർ ഭാഗത്തെ ബീഡിത്തെറുപ്പുകാരാണിതിന്റെ ആളുകൾ' എന്ന് പരിഹാസത്തോടെ പറഞ്ഞു. എന്റെ കൂടെയുണ്ടായിരുന്ന കുറേ പ്രവർത്തകരും ബീഡിതെറുപ്പുകാരായിരുന്നു. ജമാഅത്തിനെതിരെ ഭയങ്കര വിമർശനമായിരുന്നു. പ്രസംഗം കേൾക്കാൻ നമ്മുടെ കൂടെയുണ്ടായിരുന്ന അഭ്യസ്ഥവിദ്യരായ ചിലരുമുണ്ടായിരുന്നു. പുസ്തകങ്ങൾ വായിച്ച് പ്രസ്ഥാനത്തോട് താൽപര്യമുണ്ടായി വന്നവരാണവർ.

കുട്ടിഹസൻ ഹാജിയുടെ പ്രസംഗം ജനങ്ങൾക്കിടയിൽ ജമാഅത്തിനെക്കുറിച്ച് തെറ്റുധാരണകൾ സൃഷ്ടിച്ചു. പലരും ഇതൊരു ഫിത്നയുണ്ടാക്കുന്ന പ്രസ്ഥാനമാണെന്നു കരുതി നമ്മിൽനിന്നകലാനും വിമർശിക്കാനും തുടങ്ങി. സ്റ്റഡി സർക്കിളിന്റെ പ്രവർത്തനങ്ങളെയും ഇത് ബാധിച്ചു. സർക്കിൾ ഉലയാൻ തുടങ്ങി. സർവസ്വീകാര്യമായ പഴയ അവസ്ഥക്ക് കുറച്ച് മാറ്റം വന്നു. ആവശ്യമില്ലാത്ത വിവാദങ്ങൾ സൃഷ്ടിച്ചിരുന്ന ഒന്നുരണ്ടുപേർ നമ്മുടെ കൂട്ടത്തിലുമുണ്ടായിരുന്നു. അവർ നമുക്ക് ദോഷം ചെയ്യുമെന്ന് മനസ്സിലായപ്പോൾ അവരെ പതുക്കെ മാറ്റിനിർത്തി. വളരെ കണിശമായി പ്ലാനോടെ പ്രവർത്തിക്കാൻ തുടങ്ങി പിന്നീട്. അടിത്തറയിട്ടെങ്കിലേ രക്ഷയുള്ളൂ എന്ന് മനസ്സിലായി. അങ്ങനെ പ്രവർത്തനമാരംഭിച്ചപ്പോൾ പുതിയ ചില ആളുകളെ കിട്ടി. വായനാശീലമുള്ളവരും ചിന്തിക്കുന്നവരുമായിരുന്നു അവർ. അത്തരക്കാരെ കൂട്ടി ഹൽഖയുടെ പ്രവർത്തനങ്ങൾ സജീവമാക്കി. ഈ സംഭവത്തിനു മുമ്പ് അവിടെ തബ്‌ലീഗിന്റെ 'തഅ്‌ലീം' നടക്കാറുണ്ടായിരുന്നു. ആ തഅ്‌ലീമിന് ആദ്യം ഉപയോഗിച്ചിരുന്നത് മൗദൂദിയുടെ *ഖുത്ബാത്തായിരുന്നു*. *ഖുത്ബാത്തിന്റെ* പുറംചട്ട കീറിക്കളഞ്ഞ് അത് വെച്ചാണ് തഅ്‌ലീം നടത്തിയിരുന്നത്. അതു വായിച്ച ആളുകൾക്ക് വളരെയേറെ ഇഷ്ടപ്പെട്ടിരുന്നു.

***മറ്റെതിർപ്പുകളെന്തെങ്കിലും?***

തിരുവനന്തപുരം മുസ്‌ലിം ജമാഅത്ത് കൗൺസിലിന്റെ ഒരു സമ്മേളനം തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ നടക്കുകയുണ്ടായി. ചെമ്മരുതി മുസ്‌ലിം ജമാഅത്തിന്റെ പ്രതിനിധിയായി ഞാനും അതിൽ പങ്കെടുത്തിരുന്നു. സമ്മേളനം ഉദ്ഘാടനം ചെയ്തത് നൂരിഷാ തങ്ങൾ ആയിരുന്നു. സമ്മേളനനഗരിയിൽ ഐ.പി.എച്ചിന്റെ ഒരു സ്റ്റാൾ ഉണ്ടായിരുന്നു. ഇതു കണ്ട് പ്രകോപിതനായ അദ്ദേഹം പ്രസംഗത്തിൽ ആദ്യാവസാനം ജമാഅത്ത് വിമർശനമാണ് നടത്തിയത്. സമ്മേളനത്തിലെ മറ്റൊരു പ്രസംഗകനായിരുന്നു കെ.പി അലിക്കുഞ്ഞ്. സംഘാടക കൗൺസിലിന്റെ പ്രസിഡന്റായിരുന്ന അദ്ദേഹം നൂരിഷാ തങ്ങളുടെ പ്രസംഗത്തെ വിമർശിക്കുകയും ജമാഅത്തിനെ അനുകൂലിച്ച് സംസാരിക്കുകയും ചെയ്തു.

***അമുസ്‌ലിംകളുമായി ബന്ധപ്പെട്ട അനുഭവങ്ങളെന്തെങ്കിലും?***

തിരുവനന്തപുരത്തേക്ക് പോകുന്ന വഴി ചോഴിയക്കോട് എന്നൊരു പ്രദേശമുണ്ട്. ആ ഭാഗത്ത് ഒരു ആയുർവേദ ഡോക്ടറുണ്ടായിരുന്നു. വൈദ്യകലാനിധി പാസ്സായ, ഈഴവ സമുദായത്തിൽ പെട്ട ആളായിരുന്നു. പേര് ഓർമയില്ല. വൈദ്യരുടെ ഒരു മകളുണ്ടായിരുന്നു; ഗിരിജ. സമപ്രായക്കാരായ മുസ്‌ലിം കുട്ടികളോടൊപ്പം അവൾ രാവിലെ മദ്റസയിൽ പോകും, അവിടെനിന്ന് സ്കൂളിലേക്കും. മുസ്‌ലിംകുട്ടികൾ മദ്റസയിലിരുന്ന് പഠിക്കുമ്പോൾ ഗിരിജ പുറത്തിരിക്കും. മദ്റസയിൽ അറബി അക്ഷരങ്ങൾ പറയുന്നതും മറ്റും കേൾക്കുമ്പോൾ അതെല്ലാം പഠിക്കാൻ അവൾക്കും താൽപര്യമുണ്ടായി. അവൾ വീട്ടിൽ ചെന്ന് അഛനോട് ആഗ്രഹമറിയിച്ചു. അദ്ദേഹം മദ്റസയിൽ ചെന്ന് ഉസ്താദിനോട് തന്റെ മകൾ ഗിരിജയെയും മദ്റസയിൽ പഠിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. 'ഞാൻ ഫീസു തരാം, വേറെ എന്തെങ്കിലും വേണമെങ്കിൽ അതും ചെയ്യാം, കുട്ടിയുടെ വേഷം മാറ്റി തലയിൽ തട്ടവും ഇടാം, ഗിരിജയെന്ന പേരും മാറ്റാം' – അദ്ദേഹം പറഞ്ഞു. അധ്യാപകൻ പഠിപ്പിക്കാൻ സമ്മതിച്ചു. അങ്ങനെ ലൈലയെന്ന് പേരുമാറ്റി ഗിരിജയെ മദ്റസയിൽ ചേർത്തു. അധ്യാപകന് കൈമടക്കും കൊടുത്തു. ഒന്നും രണ്ടും ഖാഇദ –അറബി അക്ഷരമാലക്കാണ് ഖാഇദ എന്നു പറഞ്ഞിരുന്നത്– ആ കുട്ടി പഠിച്ചു. അതു കഴിഞ്ഞാണ് ഫാതിഹ സൂറത്ത് ഓതാൻ പഠിപ്പിക്കുക. ആ സമയമായപ്പോൾ ഫാതിഹ പഠിപ്പിക്കാൻ ഉസ്താദ് മദ്റസാ കമ്മിറ്റിയുടെ അനുവാദം ചോദിച്ചു: അമുസ്‌ലിം പെൺകുട്ടിയാണ്, അവൾ മുസ്ഹഫ് ഓതാൻ തുടങ്ങുകയാണ്, എന്താണ് ചെയ്യേണ്ടത്? കമ്മിറ്റിക്കാർ പറ്റില്ലെന്നു പറഞ്ഞു. ഒരു അമുസ്‌ലിം ഖുർആൻ പഠിക്കുന്നത് അവർക്ക് സമ്മതമായിരുന്നില്ല. തുടർന്ന് പഠിക്കാൻ അനുവദിക്കാതെ വന്നതോടെ കുട്ടി വീട്ടിൽ ചെന്ന് കരച്ചിലായി. ഇതു കണ്ട അഛൻ പള്ളികമ്മിറ്റി ഭാരവാഹികളോടും ഉസ്താദുമാരോടും താണുകേണപേക്ഷിച്ചു. പക്ഷേ, അവർ വഴങ്ങിയില്ല. ഹിന്ദു പെൺകുട്ടി ഖുർആൻ പഠിക്കരുത് എന്നവർ ഉറപ്പിച്ചു പറഞ്ഞു. വൈദ്യർ, മുസ്‌ലിംലീഗ് നേതാവ് സി.എച്ച് മുഹമ്മദ് കോയക്ക്, 'എന്റെ മകൾക്ക് ഖുർആൻ പഠിക്കണം, അതിനുവേണ്ട സൗകര്യങ്ങൾ ചെയ്തുതരണം' എന്ന് ആവശ്യപ്പെട്ട് കത്തയച്ചു. ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമാ പ്രസിഡന്റായിരുന്ന ശിഹാബുദ്ദീൻ മൗലവിക്കും വഖ്ഫ് ബോർഡിലേക്കും ഇതേ ആവശ്യമുന്നയിച്ച് വൈദ്യർ കത്തയച്ചു. അവർ അനുഭാവപൂർവം മറുപടി അയച്ചെങ്കിലും മദ്റസാ പഠനം തുടരാൻ നടപടിയൊന്നുമുണ്ടായില്ല, ഗിരിജക്ക് ഖുർആൻ പഠിക്കാൻ കഴിഞ്ഞതുമില്ല.

അങ്ങനെയിരിക്കെ വൈദ്യരോട് ആരോ ജമാഅത്തെ ഇസ്‌ലാമിയെക്കു

റിച്ച് പറഞ്ഞു. നിങ്ങളുടെ ആവശ്യം അനുഭാവപൂർവം പരിഗണിക്കുന്നവരാണവരെന്നും പറഞ്ഞു. അദ്ദേഹം എങ്ങനെയോ എന്നെ തേടിപ്പിടിച്ച് വിവരങ്ങളെല്ലാം പറഞ്ഞു. എനിക്ക് ഒരു വലിയ കാര്യമായി തോന്നി അത്. അധ്യാപകരായ ഒന്നു രണ്ട് സഹപ്രവർത്തകരുണ്ടായിരുന്നു എന്റെ കൂടെ. അവരോട് ഈ വിഷയം ചർച്ചചെയ്തു. നേതൃത്വത്തോട് ആലോചിക്കുക എന്ന ചിന്തയൊന്നും അപ്പോൾ വന്നില്ല. അത്രയും ആവേശത്തിന് അടിപ്പെട്ടിരുന്നു. കുട്ടിയെ ചെന്നു കണ്ടു, അവളുടെ അഛനുമായി സംസാരിച്ചു. അദ്ദേഹം ഞങ്ങളെയും കൊണ്ട് അയൽപക്ക വീടുകളിലെല്ലാം കയറിയിറങ്ങി, അവരെയെല്ലാം പരിചയപ്പെടുത്തി. ആദിവാസികളും ഹരിജനങ്ങളുമൊക്കെ താമസിക്കുന്ന ഒരു കോളനിയായിരുന്നു അത്. അവർ അവരുടെ കുട്ടികളെയും മദ്റസാ പഠനത്തിന് അയക്കാൻ തയാറായി. ഗിരിജയോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് തങ്ങളുടെ കുട്ടികളെയും അയക്കാം എന്നായിരുന്നു രക്ഷിതാക്കളുടെ നിലപാട്.

ഞങ്ങൾ പറഞ്ഞു; 'ഇവിടെ ഒരു ഷെഡ് കെട്ടി ക്ലാസ് തുടങ്ങാം. പഠിപ്പിക്കുന്ന അധ്യാപകന് ശമ്പളവും ഞങ്ങൾ കൊടുക്കാം.' അവരെല്ലാം സന്നദ്ധരായി. സ്ഥലം കണ്ടെത്തി അതിന്റെ ഉടമയോട് സംസാരിച്ചു. അയാൾക്ക് സമ്മതമായിരുന്നു. ഷെഡ് കെട്ടുന്നതിനായി ഓലയും മുളയുമൊക്കെ സംഘടിപ്പിച്ചു. ഞങ്ങളൊരു തീയതി നിശ്ചയിച്ചു. ആ ദിവസമായപ്പോഴേക്കും സംഗതി അവിടെ ഫ്ളാഷായി. സമുദായം ഇളകാൻ തുടങ്ങി. നാട്ടുപ്രമാണിമാരും മഹല്ല് കമ്മിറ്റിക്കാരും മറ്റും വന്ന് ഭീഷണിപ്പെടുത്തി. 'ഇവിടെ നിങ്ങൾ സമാന്തരമായി ഒരു മദ്റസ തുടങ്ങുകയാണെങ്കിൽ കത്തിച്ചു കളയും. ഇവിടെ വരുന്ന ആരെയും വെറുതെ വിടില്ല, അവരുടെ കാല് വെട്ടും' എന്നൊക്കെ ആ സമുദായ പ്രമാണിമാർ ഭീഷണിമുഴക്കി. അമുസ്ലിംകൾക്ക് ഖുർആൻ പഠിപ്പിക്കുന്നതിനെയാണവർ എതിർത്തത്. ആകെ പ്രശ്നമായി.

കൊല്ലം-തിരുവനന്തപുരം ഫർഖയുടെ കൺവീനറായിരുന്ന, ആസാദ് ഹോട്ടലിന്റെ മാനേജർ ഒ.എം. കുഞ്ഞു സാഹിബും പ്രവർത്തകനായ പാലോട് സ്വാലിഹും സംഭവമറിഞ്ഞ് സ്ഥലം സന്ദർശിക്കാൻ വന്നു. അവർ വിവരങ്ങളൊക്കെ അന്വേഷിച്ചു. പള്ളി ഭാരവാഹികൾ എന്തുവന്നാലും മദ്റസ തുടങ്ങാൻ അനുവദിക്കില്ലെന്നു പറഞ്ഞ് ഉറച്ചു നിൽക്കുകയായിരുന്നു. കാര്യങ്ങളെല്ലാം മനസ്സിലാക്കിയ ഒ.എം. കുഞ്ഞു സാഹിബ് ഞങ്ങളോട് പറഞ്ഞു: 'നിങ്ങൾ മദ്റസ തുടങ്ങാൻ ധൃതികൂട്ടരുത്, ആലോചിച്ചു ചെയ്താൽ മതി. ജമാഅത്തിന്റെ നേതൃത്വവുമായിബന്ധപ്പെടണം.' അന്ന് കെ.സി അബ്ദുല്ലമൗലവിയാണ് അമീർ. അദ്ദേഹവുമായി ബന്ധപ്പെട്ടു. കെ.സി, കെ.എൻ അബ്ദുല്ല മൗലവിയെ അയച്ചു. കെ.എൻ വന്ന് എല്ലാ കാര്യങ്ങളും അന്വേഷിച്ചു. നാട്ടിന്റെ സമാധാനത്തിന് ഭംഗം വരുത്തുന്ന അവസ്ഥയിലാണ് കാര്യങ്ങൾ എന്ന് അദ്ദേഹത്തിന് മനസ്സിലായി. 'ഇവർ സമാന്തരമായി ഒരു മദ്റസ തുടങ്ങുകയും മറ്റുള്ളവർ അത് അക്രമിക്കുകയും ചെയ്താൽ സാമുദായികമായ ഒരു സംഘർഷം അവിടെ ഉണ്ടാകാനുള്ള സാധ്യതയുണ്ട്. അത് ഗുണത്തേക്കാളേറെ ദോഷമാകും. കുട്ടിയെ ഏതറ്റംവരെയും നമുക്ക് പഠിപ്പിക്കാം. ഏതെങ്കിലും സ്ഥാപനത്തിൽ കൊണ്ടുപോയി ചേർക്കാം.' ഇതായിരുന്നു കെ.എന്നിന്റെ അഭിപ്രായം. പക്ഷേ, കുട്ടിയെ അങ്ങനെ മറ്റൊരു സ്ഥലത്ത് അയച്ച് പഠിപ്പിക്കാൻ മാതാപിതാക്കൾ സന്നദ്ധരായില്ല. ഒരേയൊരു കുട്ടിയേ അവർക്കുണ്ടായിരുന്നുള്ളൂ. ആ കഥ അവിടെ അവസാനിച്ചു. ഗിരിജക്ക് ഖുർആൻ പഠിക്കണമെന്നും വൈദ്യർക്ക് പഠിപ്പിക്കണമെന്നും അതിയായ ആഗ്രഹമുണ്ടായതുകൊണ്ട് അവർ അവിടെനിന്ന് ഒറ്റക്കല്ല് എന്ന സ്ഥലത്തേക്ക് താമസം മാറ്റി. അവിടെ ഒരാൾ വീട്ടിലിരുന്ന് കുട്ടികളെ ഓത്ത് പഠിപ്പിച്ചിരുന്നു. അവർ അദ്ദേഹത്തിന്റെ അടുത്ത് പോയി ഖുർആൻ കുറച്ച് ഓതാൻ പഠിച്ചു. പക്ഷേ, കിതാബോതിപഠിപ്പിക്കുന്ന ആ രീതി തുടരാൻ കുട്ടിക്ക് കഴിഞ്ഞില്ല. അവിടെനിന്നും നിരാശരായി അവർ മറ്റെങ്ങോട്ടോ താമസം മാറുകയുണ്ടായി. അവരിപ്പോൾ ജീവിച്ചിരിപ്പുണ്ടോ, എവിടെയാണുള്ളത് എന്നൊന്നും അറിയില്ല. തിരുവനന്തപുരം പേട്ടയായിരുന്നു വൈദ്യരുടെ യഥാർഥ നാട് എന്നും കേട്ടിട്ടുണ്ട്.

മുസ്ലിംകളിൽ ചിലരുടെ തെറ്റായ സമീപനം കാരണമാണ് ഗിരിജയുടെ മദ്റസാ പഠനം മുടങ്ങിയത്. 'കുട്ടിക്ക് ഖുർആൻ പഠിക്കണമെന്ന് ഉൽക്കടമായ ആഗ്രഹമുണ്ടായത്, ഭാവിയിൽ ഒരുപക്ഷേ, അവൾ ഇസ്ലാമിലേക്ക് വരാൻ ഇടയാക്കുമെങ്കിൽ ഞങ്ങൾക്കതിൽ വിഷമമില്ല, സന്തോഷമേയുള്ളൂ'വെന്ന് വൈദ്യർ ഒരിക്കൽ ഞങ്ങളോട് പറയുകയുണ്ടായി.

അമുസ്ലിംകളുമായി ഞാൻ നല്ല ബന്ധമാണ് കാത്തുസൂക്ഷിച്ചിരുന്നത്. ഭാസ്കരൻ എന്നൊരു സുഹൃത്തുണ്ടായിരുന്നു. തമിഴ്നാട്ടിൽ ഞങ്ങൾ ഒരുമിച്ച് പ്രവർത്തിച്ചിട്ടുണ്ട്. കുളത്തൂപ്പുഴക്കാരനായിരുന്നു. തമിഴ്നാട്ടിൽ വെച്ച് ഭാസ്കരന് കോളറ ബാധിച്ചു. ആരും പരിചരിക്കാനുണ്ടായില്ല. സുഹൃത്തുക്കൾ പോലും കൈയൊഴിഞ്ഞു. ഞാനദ്ദേഹത്തിന് വേണ്ട കാര്യങ്ങളൊക്കെ ചെയ്തു കൊടുത്തു. അദ്ദേഹത്തിന് വലിയ മതിപ്പായി. വീട്ടിൽ ചെന്ന് എന്നെക്കുറിച്ച് വല്ലാതെ പുകഴ്ത്തിപ്പറഞ്ഞു. വീട്ടുകാർക്കെല്ലാം എന്നെ കാണണമെന്നായി. അങ്ങനെ ഞാനവിടെ ചെന്നു. കുളത്തൂപ്പുഴയിൽ ഞാനെത്തുന്നത് അങ്ങനെയാണ്. ഇടക്കിടെ ഞാനവരുടെ വീട്ടിൽ പോകാറുണ്ടായിരുന്നു. അന്നുപക്ഷേ എനിക്ക് ഇസ്ലാമൊന്നും ഉണ്ടായിരുന്നില്ല. പിന്നെ ഇസ്ലാമികജീവിതം നയിക്കാനാരംഭിച്ചശേഷം അവരുടെ വീട്ടിൽ ചെല്ലുമ്പോൾ അവിടെനിന്നുതന്നെയാണ് നമസ്കരിക്കുക. അവർ എനിക്ക് നമസ്കരിക്കാനായി പ്രത്യേകം ഒരു പായ വാങ്ങി സൂക്ഷിച്ചിരുന്നു. പിന്നീടവർ മംഗലാപുരത്തേക്ക് താമസം മാറ്റി.

മുത്താനയിൽനിന്ന് മൂന്നു കിലോമീറ്റർ അകലെയുള്ള ഒരു പ്രദേശമാണ് വടശ്ശേരിക്കോണം. അവിടെ ശൗക്കത്തലി, മുഹമ്മദലി എന്നീ സഹോദരന്മാർ ഉണ്ടായിരുന്നു- അലി സഹോദരന്മാർ എന്നു പറയാം. ശൗക്കത്തലി ബ്രൂണോയിൽ ജോലിക്കുപോയിരുന്നു. വക്കം മൗലവിയുടെ ചിന്തകളാൽ സ്വാധീനിക്കപ്പെട്ടിരുന്നു അദ്ദേഹം. അവിടെ വെച്ചാണ് *ഖുത്ബാത്ത്* പോലുള്ള ജമാഅത്ത് പുസ്തകങ്ങളെക്കുറിച്ച് അദ്ദേഹം അറിഞ്ഞത്. അവിടെനിന്ന് കോഴിക്കോട്ടേക്ക് പണമയച്ച് ആ പുസ്തകങ്ങളുടെ ഒരു സെറ്റ് അദ്ദേഹം വാങ്ങി. നാട്ടിലേക്കാണ് ആ പുസ്തകങ്ങൾ അയച്ചത്. സ്വദേശമായ വടശ്ശേരിക്കോണം മഹല്ല് പള്ളിയോടനുബന്ധിച്ച് ഒരു ലൈബ്രറി തുടങ്ങുന്നതിനായിരുന്നു ആ പുസ്തകങ്ങൾ, അന്ന് 500 രൂപയുടെ പുസ്തകങ്ങളായിരുന്നു അത്. സലഫി പുസ്തകങ്ങളും ഉണ്ടായിരുന്നു. മഹല്ല് നിവാസികൾക്ക് അന്ന് ജമാഅത്തും മുജാഹിദുമൊന്നും അറിയുമായിരുന്നില്ല. ശൗക്കത്തലിയുടെ സഹോദരൻ മുഹമ്മദലിയും പ്രവർത്തനരംഗത്തുണ്ടായിരുന്നു.

അന്നത്തെ നിയമസഭാ സ്പീക്കറെ കൊണ്ടുവന്ന് ലൈബ്രറിയുടെ ഉദ്ഘാടനം നടത്തി. പുസ്തകങ്ങൾ നാട്ടിൽ വ്യാപകമായി വായിക്കപ്പെടാൻ തുടങ്ങി. അപ്പോഴാണ് ഇത് 'വഹാബിസത്തിന്റെ പുസ്തക'മാണെന്ന് ചിലർക്കൊക്കെ തോന്നിയത്. ആ സമയത്തുതന്നെ ശൗക്കത്തലി നാട്ടിൽ വന്നു. അവിടത്തുകാരെല്ലാം കൂടി പാലച്ചിറ നരിക്കൽമുക്കിൽ ഒരു മതപ്രഭാഷണം സംഘടിപ്പിച്ചു. കെ.ടി അബ്ദുർറഹീം സാഹിബിന്റെ ജ്യേഷ്ഠൻ കെ.ടി

അബ്ദുല്ല മൗലവിയായിരുന്നു പ്രഭാഷകൻ. അദ്ദേഹമന്ന് ദക്ഷിണ കേരളത്തിലെ പല സ്ഥലങ്ങളിലും ദർസ് നടത്തിയിരുന്നു. പള്ളിമുക്കിലും ദർസുണ്ടായിരുന്നു. വെള്ളവസ്ത്രവും തലയിൽകെട്ടുമൊക്കെയായിരുന്നു അദ്ദേഹത്തിന്റെ വേഷം. വലിയ ഉസ്താദായിരുന്നു. അന്നദ്ദേഹം സുന്നിയാണ്, പിന്നീടാണ് ജമാഅത്തിലേക്ക് വന്നത്. വലിയ പ്രചാരണം നൽകിയാണ് അവർ വഅ്ള് സംഘടിപ്പിച്ചത്.

വഅ്ള് തുടങ്ങിയപ്പോൾ, ശൗക്കത്തലി ഒരു ചോദ്യാവലി തയാറാക്കി അച്ചടിച്ച് അവിടെ വിതരണം ചെയ്തു. ശിർക്ക്-ബിദ്അത്തുകളെക്കുറിച്ച ഇരുപത് ചോദ്യങ്ങളാണ് അതിലുണ്ടായിരുന്നത്. ചോദ്യം കിട്ടിയ അബ്ദുല്ല മൗലവി അടുത്ത ദിവസം മറുപടി പറയുമെന്ന് പ്രഖ്യാപിച്ചു. അങ്ങനെ കുറേ കിതാബുകളെല്ലാം മേശപ്പുറത്ത് കൊണ്ടുവന്ന് വെച്ച് അദ്ദേഹം മറുപടി പ്രസംഗം നടത്തി. 'വഹാബിസ'ത്തെ വിമർശിക്കുകയും ചെയ്തു. യാഥാസ്ഥിതികർ ചോദ്യകർത്താക്കൾക്കെതിരെ തിരിഞ്ഞു. 'പുത്തൻപ്രസ്ഥാനക്കാരു'ടെ ലൈബ്രറി അവർ തകർത്തു. അതോടെ അവിടത്തെ പുരോഗമനചിന്താഗതിക്കാരായ ചെറുപ്പക്കാർക്ക് അൽപം ക്ഷീണം ബാധിച്ചു. ശൗക്കത്തലിയും കൂട്ടരും നിരാശരായി പിന്തിരിഞ്ഞു. അവർക്ക് ജമാഅത്തും മുജാഹിദും ഒന്നുമുണ്ടായിരുന്നില്ല. അത്തരം ചലനങ്ങളൊക്കെ അവിടെ നിശ്ചലമാവുകയും ചെയ്തു.

കുറച്ചുനാളുകൾക്കുശേഷം ജമാഅത്തിന്റെ സന്ദേശപ്രചാരണാർഥം ഞങ്ങൾ അവിടെ സ്ക്വോഡ് പോയി. ജനങ്ങളിൽനിന്ന് വേണ്ടത്ര സഹകരണം കിട്ടിയില്ല. എങ്കിലും ഒരു കുടുംബം സഹകരിക്കാൻ സന്നദ്ധരായി. അബ്ദുൽ മജീദ്, മകൾ നദീറ, അവരുടെ ഭർത്താവ് അബ്ദുൽ അസീസ് എന്നിവരായിരുന്നു അവർ. മൂന്നു പേരും പ്രസ്ഥാനത്തിന്റെ അനുഭാവികളായി. അവരെ ചേർത്ത് ഒരു മുത്തഫിഖ് ഹൽഖ രൂപീകരിച്ചു; ഒരു 'കുടുംബ ഹൽഖ' എന്നു പറയാം. ആഴ്ചതോറും യോഗം നടത്തും. ഞാൻ പോകും, എന്തെങ്കിലുമൊക്കെ പറയും. പക്ഷേ, അവിടെ ഒരു ചെറിയ പ്രശ്നമുണ്ടായിരുന്നു. മാമായും മരുമകനും ഒരുമിച്ച് ഒരു സദസ്സിലിരിക്കുകയില്ല. പരസ്പര സ്നേഹവും ആദരവും കൂടിയപ്പോൾ അവർ വേറെ വേറെ മാത്രമേ ഇരിക്കൂ! ഒരു ദിവസം ഹൽഖ സന്ദർശനത്തിനായി കെ.എൻ അബ്ദുല്ല മൗലവി വന്നു. ടി.കെ കോയ സാഹിബും ഒപ്പമുണ്ടായിരുന്നു. യോഗം തുടങ്ങിയപ്പോൾ രണ്ടാൾ മാത്രം. എന്നോട് പറഞ്ഞു; 'മറ്റേയാളെ വിളിക്ക്.' മാമായായ മജീദ് സാഹിബ് യോഗത്തിലിരിക്കുമ്പോൾ മരുമകൻ അസീസ് എഴുന്നേറ്റുപോകും. അസീസ് വരുമ്പോൾ മജീദ് സാഹിബ് എഴുന്നേറ്റുപോകും. രണ്ടുപേരും ഒരുമിച്ചിരിക്കില്ല. ഒടുവിൽ രണ്ടുപേരെയും നിർബന്ധപൂർവം ഒരുമിച്ചിരുത്തി കെ.എൻ അവരോട് സരസമായ ശൈലിയിൽ പറഞ്ഞു: 'നബിയും അലിയും ഫാത്വിമയും ഒരുമിച്ച് പ്രവർത്തിച്ചതുകൊണ്ടാണ് ദീൻ വിജയിച്ചതും നമ്മളെല്ലാം ഇന്ന് ഈ മാർഗത്തിലെത്തിയതും. ഇങ്ങനെ ഒരാൾ ഇരിക്കുമ്പോൾ മറ്റേയാൾ ഇരിക്കില്ലെന്നു പറഞ്ഞാൽ നമുക്കെങ്ങനെയാണ് ഈ നാട്ടിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുക? ഒരു കുടുംബത്തിനകത്തുതന്നെ ഇങ്ങനെയായാൽ എങ്ങനെ ശരിയാകും! ആദ്യം കുടുംബത്തിൽ ഇസ്ലാം ഉണ്ടാകണം. പിന്നെയാണ് നാട്ടിൽ ഉണ്ടാക്കേണ്ടത്.' അതോടെ ആ പ്രശ്നം പരിഹരിക്കപ്പെട്ടു.

sadarvzkd@yahoo.co.in

(തുടരും)